## സ്റ്റാറ്റ്യൂട്ടറി പ്രമേയം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭാരതത്തിന്റെ ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡിക പ്രകാരം കേരള നിയമസഭ എംപ്ലോയ്മെന്റ് ഓഫ് മാനുവൽ സ്കാവഞ്ചേഴ്സ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് ഡ്രൈ ലാട്രിൻസ് (പ്രൊഹിബിഷൻ) ആക്ട് 1993 എന്ന കേന്ദ്ര നിയമം 22/7/2002 മുതൽ ഒരു പ്രമേയത്തിലൂടെ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ളതിനാലും;

2013-ലെ പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് മാനുവൽ സ്കാവഞ്ചേഴ്സ് ആന്റ് ദെയർ റീഹാബിലിറ്റേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കുകയും, 2013 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസ്തുത നിയമത്തിന് രാഷ്ട്രപതി അനുമതി നൽകുകയും, 2013 ഡിസംബർ മാസം 6-ാം തീയതി മുതൽ പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാലും;

1993-ലെ പഴയ നിയമത്തിലെ എല്ലാ വ്യവസ്ഥകളും പുതിയ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 1993-ലെ നിയമത്തിന് നിലവിൽ പ്രസക്തിയില്ലാതായതിനാൽ പ്രസ്തുത നിയമം പിൻവലിക്കേണ്ടതാണെന്ന് ഈ നിയമസഭ കരുതുന്നതിനാലും;

ഇപ്പോൾ അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 252-ാം അനുച്ഛേദം

(1)-ാം ഖണ്ഡിക പ്രകാരം 1993-ലെ എംപ്ലോയ്മെന്റ് ആന്റ് മാനവർ സ്കാവഞ്ചേഴ്സ് ആന്റ് ദെയർ റീഹാബിലിറ്റേഷൻ ആക്ട് 22/7/2002 മുതൽ സംസ്ഥാനത്ത് സ്വീകരിച്ചുകൊണ്ട് നിയമസഭ പാസ്സാക്കിയ പ്രമേയം പിൻവലിക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ് ):സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.